# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3878

12.12.2018 ൽ
മറുപടിക്ക്

## പോലീസിന്റെ ജനസൗഹൃദപരമായ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന പോലീസ് ജനസൗഹൃദപരമായ പ്രവർത്തനങ്ങളല്ല നടത്തുന്നതെന്ന അഭിപ്രായം നിലനില്ക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | എ) സംസ്ഥാന പോലീസ് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി ജനസൗഹൃദപരമായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളോടൊപ്പം പ്രവർത്തിച്ചുവരുന്നു. |
| ബി) പോലീസിന് കൂടുതൽ പ്രൊഫഷണൽ മികവ് നൽകുന്നതിനുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; വിശദാംശം നൽകുമോ? | ബി) പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും രക്ഷ, Know Your Police Station ആപ്ലിക്കേഷൻ, ടയൽ മോണിറ്ററിംഗ് ആപ്ലിക്കേഷൻ, വുമൺസേഫ്റ്റി & എമർജൻസി റെസ്പോൺസ്, ഡയൽ 100, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആപ്ലിക്കേഷൻ, വിർച്വൽ പോലീസ് ഗൈഡ് ഫോർ പോലീസ് സർവ്വീസ്, തുണ, ശബരിമല ദർശനത്തിനായി വിർച്വൽ ക്യൂ സിസ്റ്റം തുടങ്ങിയ മൊബൈൽ/വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. |

ജീവാപായം കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യാനും നിർവീര്യമാക്കാനും ഉതകുന്ന Robotic Mobile Explosive Cutter Vehicle എന്ന ഉപകരണം, സഞ്ചരിക്കുന്ന ബാഗേജ് സ്കാനർ, ആകാശ നിരീക്ഷണത്തിനുള്ള Unmanned Aerial Vehicle, Bomb Detection & Disposal Squad ന് ആവശ്യമായ Bomb Suit, Explosive Detector തുടങ്ങിയവയും വകുപ്പ് വാങ്ങുകയുണ്ടായി.

സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ ഡോം, സൈബർ സെല്ലുകൾ എന്നിവയുടെ സാങ്കേതിക സഹായവും സേവനവും ഉപയോഗപ്പെടുത്തി സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ലോക്കൽ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ കാര്യക്ഷമമായി അന്വേഷണം നടത്തി വരുന്നു.

ഫോൺ കോളുകൾ, എസ്.എം.എസ്, ഡാറ്റാ സർവ്വീസ് എന്നിവ നിയമപരമായി intercept ചെയ്യുന്നതിലേക്കായി സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തന സജ്ജമായി വരുന്നു.

സെക്ഷൻ ഓഫീസർ